പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 104. | 03.12.2018-ന് മറുപടിയ്ക്ക് |
|---|---|

**വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ആർ സുനിൽ കുമാർ<br>,, ചിറ്റയം ഗോപകുമാർ<br>,, ഇ.ടി ടൈസൺ മാസ്റ്റർ | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വൻകിട വികസന പദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ വൻകിട വികസന പദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**റയിൽവേ വികസനം**<br>a). റയിൽവെ ലൈൻ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലായി താഴെ പറയുന്ന രീതിയിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.<br>കോട്ടയം ജില്ലയിൽ 3 റീച്ചുകളിലായിട്ടാണ് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളത്.<br>റീച്ച് 1 (വെള്ളൂർ-കുറുപ്പന്തറ)<br>ഏറ്റെടുക്കാനുള്ള 7.92 ഹെക്ടർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് റയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.<br>റീച്ച് 2 (കുറുപ്പന്തറ-ചിങ്ങവനം)<br>ഏറ്റെടുക്കാനുള്ള 9.1967 ഹെക്ടർ സ്ഥലത്തിൽ 4.8753 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് റയിൽവേയ്ക്ക് കൈമാറിയിട്ടുള്ളതാണ്. ഇനി 4.32.14. ഹെക്ടർ സ്ഥലം ഏറ്റെടുത്ത് റയിൽവേയ്ക്ക് കൈമാറുവാനുണ്ട്.<br>റീച്ച് 3 (ചിങ്ങവനം-പായിപ്പാട്)<br>ഏറ്റെടുക്കാനുള്ള 10.43.26 ഹെക്ടർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് റയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.<br>പത്തനംതിട്ട ജില്ലയിൽ തിരുവല്ല റയിൽവെ സ്റ്റേഷനിൽ ഗുഡ്സ് യാർഡ് നിർമ്മാണത്തിനായി 75.02 ആർ സ്ഥലം എൽ.എ.ആർ.ആർ നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു.<br>ആലപ്പുഴ ജില്ലയിൽ ഹരിപ്പാട്-അമ്പലപ്പുഴ റയിൽവെ ലൈൻ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രീതിയിലാണ് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | ഫേസ് 1<br>ഏറ്റെടുക്കാനുള്ള 19.24.79 ഹെക്ടർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് റയിൽവെക്ക് കൈമാറിയിട്ടുണ്ട്.<br>ഫേസ് 2<br>ഏറ്റെടുക്കാനുള്ള 8.52 ആർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് കൈമാറിക്കഴിഞ്ഞു.<br>ഫേസ് 3<br>ഏറ്റെടുക്കാനുള്ള 24.86 ആർ സ്ഥലത്തിൽ 17.46 ആർ സ്ഥലം ഏറ്റെടുത്ത് റയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇനി 7.40 ആർ സ്ഥലം മാത്രമാണ് ഏറ്റെടുക്കുവാനുള്ളത്.<br>റയിൽവെ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് മറ്റ് അക്വിസിഷനുകൾ<br>1. അരൂർ ബ്രിഡ്ജ്<br>2.72 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാ പത്രം സമർപ്പിച്ചിട്ടുണ്ട്.<br>2.സേഫ്റ്റി ഇൻസ്റ്റലേഷൻ, ചേർത്തല<br>1.74 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അംഗീകാരം ലഭിച്ചു കഴിഞ്ഞു.<br>തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റയിൽവെപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മുതൽ നേമം വരെയുള്ള ഭാഗത്തെ വികസനത്തിനായി തിരുമല, നേമം, തൈക്കാട്, പള്ളിച്ചൽ വില്ലേജുകളിൽപ്പെട്ട 15 ഹെക്ടർ ഭൂമി എൽ.എ.ആർ.ആർ നിയമപ്രകാരം ഏറ്റെടുക്കാൻ 07/11/2018-ലെ G.O (Rt) 495/2018/Trans പ്രകാരം ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രദേശത്ത് സംയുക്ത പരിശോധന നടത്തി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ച് വരുന്നു. കൂടാതെ നേമം മുതൽ നെയ്യാറ്റിൻകര വരെയുള്ള റയിൽവേപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് പള്ളിച്ചൽ, അതിയന്നൂർ, നെയ്യാറ്റിൻകര വില്ലേജുകളിൽ നിന്നായി 3.20 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന സമർപ്പിച്ചുവെങ്കിലും അർത്ഥന പഴയ സർവെ നമ്പറിന്റെ അടിസ്ഥാനത്തിലുള്ളതിനാൽ റീ സർവെ നമ്പറുകളുടെ അടിസ്ഥാനത്തിലുള്ള പുതുക്കിയ അർത്ഥന ലഭ്യമാക്കുന്നതിന് റയിൽവെക്കും ആയതിലേക്കായി റയിൽവെ അധികാരികളെ സഹായിക്കുന്നതിന് റയിൽവെ (എൽ.എ) സ്പെഷ്യൽ തഹസീൽദാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>c).അങ്കമാലി-ശബരി റയിൽവെക്കുവേണ്ടി എറണാകുളം ജില്ലയിൽ എരമല്ലൂർ, കോതമംഗലം, മുളവൂർ, |

വെള്ളൂർകന്നം, മൂവാറ്റുപുഴ, മഞ്ചല്ലൂർ വില്ലേജുകളിൽ നിന്നായി 87.23 ഹെക്ടർ ഭൂമിയും, പെരുമ്പാവൂർ, കൂവപ്പടി, വേങ്ങൂർ വെസ്റ്റ്, അശമന്നൂർ, രായമംഗലം വില്ലേജുകളിൽ നിന്നായി 26.02.80 ഹെക്ടർ ഭൂമിയും, ചേലമറ്റം, പെരുമ്പാവൂർ, കൂവപ്പടി വില്ലേജുകളിൽ നിന്നായി 18.37.28 ഹെക്ടർ ഭൂമിയും ഉൾപ്പെടെ മൊത്തം 131.62 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്. ഈ ഭൂമി 2013-ലെ എൽ.എ.ആർ.ആർ നിയമപ്രകാരം ഏറ്റെടുക്കുവാൻ തീരുമാനിക്കുകയും 17/01/2018-ലെ G.O (P) No.6/2018/RD പ്രകാരം പ്രസ്തുത ഏറ്റെടുക്കലിന്റെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനായി M/s. ഡോൺ ബോസ്കോ ആർട്ട്സ് & സയൻസ് കോളേജിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 24/07/2018-ൽ കൂടിയ SLEC യോഗത്തിൽ അങ്കമാലി-ശബരി റയിൽവെക്കുവേണ്ടിയുള്ള മുഴുവൻ ഭൂമിയും റയിൽവേ ആക്ട് മുഖേന ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. റയിൽവെ അധികാരികൾ നാളിതുവരെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ടിട്ടുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 22/11/2018-ന് M/s. ഡോൺ ബോസ്കോ ആർട്ട്സ് & സയൻസ് കോളേജ്, പെരുമ്പാവൂർ അടിസ്ഥാനമാക്കിയുള്ള സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. റയിൽവെ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ സമാന്തരമായി എൽ.എ.ആർ.ആർ നിയമപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിക്കുകയുണ്ടായി.

കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നതിൽ രാമപുരം, കടനാട്, വെള്ളിലാപ്പള്ളി വില്ലേജുകളിൽപെട്ട 22.19.80 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ലഭിച്ചിട്ടുള്ളതും സംയുക്ത സ്ഥലപരിശോധന പൂർത്തിയാക്കിയിട്ടുള്ളതും ഫണ്ടിനായി റയിൽവെയോട് അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. മറ്റു വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വെ നടപടികൾ റയിൽവെ അധികൃതർ സ്വീകരിച്ചുവരുന്നു.

**<u>ദേശീയപാത വികസനം</u>**

സംസ്ഥാനത്ത് ഓരോ ജില്ലകളിലും ദേശീയപാതയുടെ വികസനത്തിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു

| | | | |
|---|---|---|---|
| | | | **വിമാനത്താവള വികസനം**<br>a).**തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം :** തിരുവനന്തപുരം വിമാനത്താവള വികസനത്തിനായി പേട്ട വില്ലേജിൽപ്പെട്ട 18 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എൽ.എ.ആർ.ആർ ആക്ട്, 2013 സെക്ഷൻ 19(1) പ്രകാരമുള്ള ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു.<br>b).**കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം** :- കണ്ണൂർ വിമാനത്താവളത്തിനായി ഒന്നും രണ്ടും മൂന്നും നാലും ഘട്ടങ്ങളിലായി 2000.34 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 1192.18 ഏക്കർ ഭൂമി KIAL ന് ownership ആയി കൈമാറുകയും ബാക്കി ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം 2018 ഡിസംബർ 9-ാം തീയതി ഉൽഘാടനം ചെയ്യുന്നതിനായി തീരുമാനിച്ചിട്ടുള്ളതാണ്. |
| (ബി) | വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിൽ ഏതൊക്കെ തരത്തിലുള്ള തടസ്സങ്ങളാണ് നേരിടുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ തടസം കുടിയൊഴിപ്പിക്കലിന് വിധേയരാകുന്ന ആളുകളുടെ ഭാഗത്തു നിന്നുള്ള നിസ്സഹകരണവും എതിർപ്പുകളുമാണ് . |
| (സി) | ഭൂമി ഏറ്റെടുക്കൽ ജോലികൾ അവസാനിക്കുന്നതിന് മുൻപുതന്നെ അതിനായി രൂപീകരിക്കപ്പെട്ട ഓഫീസുകൾ നിർത്തലാക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;<br><br>(ഡി) നാഷണൽ ഹൈവേ അതോറിറ്റി, റെയിൽവേ തുടങ്ങിയ ഫണ്ടിംഗ് നടത്തുന്ന റിക്വിസിഷനിംഗ് അതോറിറ്റികൾ ഭൂമി ഏറ്റെടുക്കൽ ഓഫീസുകൾ തുടരണമെന്ന് ആവശ്യപ്പെട്ടിട്ടും ആയവ നിർത്തലാക്കുന്ന തീരുമാനം സംസ്ഥാന വികസനത്തെ സാരമായി ബാധിക്കില്ലേ; വ്യക്തമാക്കാമോ? | (സി) യും (ഡി) യും | സംസ്ഥാനത്ത് വൻകിട പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ സ്പെഷ്യൽ ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിച്ചാണ് സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നത്. പ്രസ്തുത യൂണിറ്റുകൾ ഒരു വർഷത്തേക്ക് ആരംഭിക്കുകയും വർഷാവർഷം തുടർച്ചാനുമതി നൽകിവരികയുമാണ് ചെയ്യുന്നത്. ഈ യൂണിറ്റുകൾക്ക് 2018-ൽ തുടർച്ചാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് അനുമതിക്കായി ധനകാര്യവകുപ്പിൽ സമർപ്പിച്ചപ്പോൾ മുഴുവൻ യൂണിറ്റുകൾക്കും തുടർച്ചാനുമതി നൽകേണ്ടതില്ലായെന്നും ജോലിഭാരം കുറവുള്ള യൂണിറ്റുകൾ നിർത്തലാക്കി അവയിലെ ജീവനക്കാരെ മറ്റു യൂണിറ്റുകളിലേക്ക് പുനർവിന്യസിച്ചുകൊണ്ടും യൂണിറ്റുകളിലെ പ്രവർത്തനം മറ്റ് യൂണിറ്റുകളിലേക്ക് ക്രമീകരിച്ചുകൊണ്ടും സ്പെഷ്യൽ ലാന്റ് അക്വിസിഷൻ യൂണിറ്റുകൾക്ക് തുടർച്ചാനുമതി നൽകിയാൽ മതിയെന്ന നിർദ്ദേശമാണ് ധനകാര്യ വകുപ്പ് നൽകിയത്. ദേശീയപാത അതോറിറ്റി, റയിൽവെ തുടങ്ങിയ റിക്വിസിഷനിംഗ് അതോറിറ്റികൾ ഫണ്ടിംഗ് നടത്തുന്ന എൽ.എ യൂണിറ്റുകളും വെട്ടിച്ചുരുക്കുന്ന യൂണിറ്റുകളിൽ ഉൾപ്പെടുന്നു.<br>വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നത് സംസ്ഥാനത്തിന്റെ വികസനവുമായി നേരിട്ട് ബന്ധപ്പെട്ടതാണ്. ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനമെന്ന നിലയിൽ, ഭൂമി ഏറ്റെടുക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പ്രക്രിയ സങ്കീർണ്ണമായ വിഷയമാണ്. മാത്രമല്ല പലതരം തടസ്സങ്ങൾ ലാന്റ് അക്വിസിഷൻ ഓഫീസർമാർ നേരിടുന്നുണ്ട്. ഓരോ പ്രത്യേക യൂണിറ്റും രൂപകൽപ്പന ചെയ്തിട്ടുള്ളത് ഓരോ പ്രത്യേക ഉദ്ദേശ്യത്തിനായിട്ടാണ്. ഓരോ LA ഓഫീസിനും അധിക ജോലി ഉള്ളതിനാൽ ഒരു LA ഓഫീസിലെ ജോലി മറ്റൊരു ഓഫീസിലേക്ക് മാറ്റാൻ കഴിയില്ല. തീർച്ചയായും, LA യൂണിറ്റുകൾ നിർത്തലാക്കുന്നത് ഭൂമി ഏറ്റെടുക്കൽ പ്രക്രിയയെ മന്ദഗതിയിലാക്കുന്നതോടൊപ്പം അത് ആത്യന്തികമായി സംസ്ഥാനത്തിന്റെ വികസനത്തെ ബാധിക്കുമെന്നുള്ളതിനാൽ ഒരു യൂണിറ്റുപോലും നിർത്തലാക്കാതെ എല്ലാ യൂണിറ്റുകൾക്കും തുടർച്ചാനുമതി നൽകുന്നതിനുള്ള നടപടികളുമായി റവന്യൂ വകുപ്പ് മുന്നോട്ടുപോകുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# NATIONAL HIGHWAYS AUTHORITY OF INDIA

## REGIONAL OFFICE-KERALA

## PROJECT-WISE LAND ACQUISITION STATUS

| Sl. No. | Project Stretch | Length (in Km.) | DPR Status | DPR Consultant | Land Acquisition Status: Total Land required (in Hec) | Land Acquisition Status: Land already in possession (in Hec) | Land Acquisition Status: Total additional land to be acquired (in Hec) | Progress of LA status (in Hec): 3A | Progress of LA status (in Hec): 3D | Progress of LA status (in Hec): 3G | Progress of LA status (in Hec): Total Land in Possession including additional land | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Thalappady to Chengala | 39 | Completed | | 176 | 140 | 36 | 36<br>100% | 33<br>92% | 20<br>56% | 148<br>84% | Awaiting 100% 3D. 100% 3D expected by 31.12.2018 . |
| 2 | Chengala to Nileshwaram Town Railway Gate | 37 | Completed | | 168 | 126 | 41 | 41<br>100% | 39<br>95% | 13<br>32% | 133<br>79% | Awaiting 100% 3D. 100% 3D expected by 31.12.2018 . |
| 3 | Neleshwaram ROB | 0.78 | Completed | | 3.5 | 2.75 | 0.75 | 0.75<br>100% | 0.75<br>100% | 0.75<br>100% | 3.5<br>100% | Work commenced on 13.05.2018 |
| 4 | Neleshwaram ROB to Thalipparamba | 43 | Completed | | 194 | 95 | 99 | 99<br>100% | 99<br>100% | 21<br>21% | 104<br>54% | 3A & 3D notified. 60% 3G awaited. |
| 5 | Thalipparamba to Muzhipilangadu | 33 | Completed | M/s AECOM | 149 | 46 | 103 | 103<br>100% | 103<br>100% | 20<br>19% | 55<br>37% | 3A & 3D notified. 60% 3G awaited. |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 6 | Thalassery to Mahe | 19 | Completed | | 82 | 46 | 37 | 37 | 37 | 37 | 81 | Work commenced on 04.12.2017. |
| | | | | | | | | 100% | 100% | 100% | 99% | |
| 7 | Azhiyur to Vengalam | 42 | In Progress | | 185 | 56 | 129 | 121 | 60 | 1 | 56 | 3A has been notified. 3D in progress |
| | | | | | | | | 94% | 47% | 1% | 30% | |
| 8 | Construction of four lane Minor Bridge (Paloli Palam) at Km 203.160, Major Bridge (Moodadi) at Km 204.895 & allied works like 4 lane Main Carriageway with | 2.1 | Completed | | 9.5 | 4.9 | 4.5 | 4.5 | 4 | 0.5 | 4.9 | EPC documents submitted to HQ as Stand alone project |
| | | | | | | | | 100% | 89% | 11% | 52% | |
| 9 | Vengalam to Ramanattukara | 28 | Completed | | 128 | 127 | 1 | 1 | 1 | 0 | 127 | Work awarded. LOA issued and Agreement signed on 18.04.2018. |
| | | | | | | | | 100% | 100% | 0% | 99% | |
| 10 | Ramanattukara to Kuttippuram | 55 | In Progress | | 237 | 96 | 140 | 140 | 109 | 0 | 96 | 3A has been notified. 3D in progress |
| | | | | | | | | 100% | 78% | 0% | 41% | |
| 11 | Kuttippuram to Kappirikkad | 24 | In Progress | M/s Feedback | 107 | 52 | 55 | 55 | 24 | 0 | 52 | 3A has been notified. 3D in progress |
| | | | | | | | | 100% | 44% | 0% | 49% | |
| 12 | Kappirikkad to Edappally | 95 | In Progress | | 446 | 183 | 263 | 209 | 0 | 0 | 183 | Boundary Stone plantation and survey work are completed except in Bypasses. |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | 79% | 0% | 0% | 41% | |
| 13 | Thuravoor to Paravoor | 38 | In Progress | M/s SMEC | 171 | 124 | 47 | 47 | 0 | 0 | 124 | Boundary Stone plantation completed except in 2.5 km stretch where revision of alignment as per PWD Minister's request is in process. |
| | | | | | | | | 100% | 0% | 0% | 73% | |
| 14 | Paravoor Kottankulangara | 38 | In Progress | | 169 | 113 | 56 | 56 | 0 | 0 | 113 | Boundary Stone plantation almost nearing completion |
| | | | | | | | | 100% | 0% | 0% | 67% | |
| 15 | Kottankulangara to Start of Kollam Bypass | 32 | In Progress | | 142 | 95 | 47 | 47 | 0 | 0 | 95 | Boundary Stone plantation completed. However, errors committed by the DPR Consultant to be rectified. |
| | | | | | | | | 100% | 0% | 0% | 67% | |
| 16 | Start of Kollam Bypass to Kadambattukona m | 32 | In Progress | | 143 | 116 | 28 | 28 | 0 | 0 | 116 | Boundary Stone plantation completed. However, errors committed by the DPR Consultant to be rectified. |
| | | | | | | | | 100% | 0% | 0% | 81% | |
| 17 | Kadambattukona m to Kazhakuttom Jn. | 29 | In Progress | M/s SMEC | 132 | 104 | 28 | 28 | 0 | 0 | 104 | Boundary Stone plantation almost completed except 3-4 Kms stretch. |
| | | | | | | | | 100% | 0% | 0% | 79% | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 18 | Kazhakuttom Flyover | 2.72 | In Progress | | 12 | 10.5 | 1.5 | 1.5<br>100% | 0<br>0% | 0<br>0% | 10.5<br>88% | Work awarded to the Contractor. Boundary Stone plantation completed during April 2018 Additional 3A uploaded in web portal during Nov 2018 only by CALA and 3D yet to be uploaded by CALA in web portal. |

സെക്ഷൻ ഓഫീസർ